"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതിന് അനുമതി നൽകിയും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.**26/2026/GEDN** തീയതി,തിരുവനന്തപുരം, **16-02-2026**

---

പരാമർശം:- **1.** കോട്ടയം സെന്റ് ജോസഫ് സി.എം.ഐ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച **25.03.2023**-ലെ പ്രൊപ്പോസൽ.

**2.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **19.07.2024**-ലെ **AcdC3/11616/2023/DGE/HSE** നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സെന്റ് ജോസഫ് സി.എം.ഐ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതിനും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനും മാനേജർ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2019-20** മുതൽ **2023-24** വരെയുള്ള കാലയളവിൽ കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ ഹയർ സെക്കന്ററി ബാച്ചുകളിൽ മതിയായ എണ്ണം കുട്ടികൾ ഉണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ള,

എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിച്ചും, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കന്ററി വിദ്യാഭ്യാസം, കോട്ടയം.
കോർപ്പറേറ്റ് മാനേജർ, സെന്റ് ജോസഫ് സി.എം.ഐ എഡ്യൂക്കേഷണൽ ഏജൻസി, കോട്ടയം - 686001.
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.3638 തീയതി 11.02.2026)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
B Harikumar
Date: 16-02-2026 15:04:51
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. എച്ച്3/214/2025/പൊ.വി.വ. ഇനം നം: 3638

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതും, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഫിസിക്സ്, കെമസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3638

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/214/2025/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28.01.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ആണ് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ബിന്ദു.ആർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.02.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ 2014-15 അധ്യായന വർഷത്തിൽ മലയാളം ഉപഭാഷയായി ഒരു സയൻസ് ബാച്ച് അനുവദിക്കുകയും അതിലെ അധ്യാപക തസ്തികകൾ 2018-19-ൽ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും 2015-16 അധ്യായന വർഷത്തിൽ ഹിന്ദി ഉപഭാഷയായി ഒരു സയൻസ് ബാച്ച് കൂടി അനുവദിച്ചെങ്കിലും തുടർച്ചയായ 3 വർഷത്തിൽ ഒരു വർഷം നിർദ്ദിഷ്ട എണ്ണം കുട്ടികൾ ഇല്ലാത്തതിനാൽ 2018-19 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം അപ്ഗ്രഡേഷൻ ഉൾപ്പെടെ പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ലെന്നും എന്നാൽ 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ 2015-ൽ അനുവദിച്ച അധിക ബാച്ചിന്റെ പ്ലസ് വൺ, പ്ലസ് ടു ബാച്ചുകളിൽ നിർദ്ദിഷ്ട എണ്ണം കുട്ടികൾ ഉള്ളതായി കാണുന്നുവെന്നും ആയതിനാൽ 2015-16-ൽ അനുവദിച്ച സയൻസ് ബാച്ചിൽ തസ്തികകൾ സൃഷ്ടിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതിനും എച്ച്.എസ്.എസ്.റ്റി ജൂനിയർ

ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനും ശിപാർശ ചെയ്യുന്നതായും അപ്രകാരം തസ്തിക ഉയർത്തുകയും സൃഷ്ടിക്കുകയും ചെയ്യുമ്പോൾ സർക്കാരിന് പ്രതിവർഷം 27,62,496/- രൂപയുടെ (ഇരുപത്തിയേഴ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാനൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതിനും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ അംഗീകരിക്കാവുന്നതാണെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ ഹയർ സെക്കന്ററി ബാച്ചുകളിൽ മതിയായ എണ്ണം കുട്ടികൾ ഉണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ ഉയർത്തുന്നതും എച്ച്.എസ്.എസ്.റ്റി ജൂനിയർ ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു.

മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി

1. കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകാമോ.

2. കോട്ടയം മുത്തോലി സെന്റ് ആന്റണീസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കാമോ?